DESPATCHED
On 3/3/23...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP-558(2)/2022/എസ്.ഐ.സി**
**തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 19415/എസ്.ഐ.സി-ജി6/2022)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. അബ്ദുൾ അബ്ദുൽ ലത്തീഫ്,
നൂർ മഹൽ, നിയർ ശാദുലി മസ്ജിദ്,
പി.ഒ. മാടായി,
കണ്ണൂർ - 670 304. } ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
കണ്ണൂർ. } എതിർകക്ഷി

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പ് പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. അബ്ദുൾ അബ്ദുൽ ലത്തീഫ് 23/12/2022-ന് കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയിന്മേൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

2) എന്നാൽ പരാതി ഹർജികളിൽ വിവരങ്ങളോ, മറുപടിയോ രേഖകളോ നൽകണമെന്ന് നിയമപരമായി നിർദ്ദേശിക്കാൻ കഴിയുന്നതല്ല. മറുപടി ലഭ്യമാക്കുന്നതിൽ എസ്.പി.ഐ.ഒ-യുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ, ടി എസ്.പി.ഐ.ഒ-ക്കെതിരെ നടപടി എടുക്കാൻ മാത്രമേ വിവരാവകാശ നിയമം അനുശാസിക്കുന്നുള്ളൂ.

3) ഹർജിക്കാരൻ വിവരങ്ങളും, രേഖകളും വേണമെന്നു ആവശ്യപ്പെടുന്ന പശ്ചാത്തലത്തിൽ, ടിയാന് കമ്മീഷനിൽ വിവരാവകാശ നിയമം സെക്ഷൻ 19(3) പ്രകാരമുള്ള രണ്ടാം അപ്പീൽ ഹർജി സമർപ്പിച്ച് പരിഹാരം തേടാവുന്നതാണ്.

4) മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2023 ഫെബ്രുവരി 27-ാം തീയതി കമ്മീഷൻ ഉത്തരവ് ആകുന്നു.

(ഒപ്പ്)
ഡോ. കെ.എൽ. വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV